പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 266 **29-10-2026-ൽ മറുപടിയ്ക്ക്**

വില്ലേജുകളിൽ പോക്കുവരവ് ഓട്ടോമേഷൻ നടപ്പിലാക്കൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ
ശ്രീ. വി. ടി. ബൽറാം
ശ്രീ. മുഹമ്മദ് ഷിയാസ്
ശ്രീ. ദീപക് ജോയ്

മറുപടി നൽകിയ മന്ത്രി

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കി വിജ്ഞാപനം ചെയ്ത വില്ലേജുകളിൽ പോക്കുവരവ് നടപടികൾ വേഗത്തിലാക്കുന്നതിനായി 2026 നവംബർ 1 മുതൽ ഓട്ടോമേഷൻ സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

മറുപടി: സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ പൂർത്തയാക്കി അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ച 266 വില്ലേജുകളിൽ 2026 നവംബർ 1 മുതൽ ഓട്ടോമാറ്റിക് പോക്കുവരവ് (Auto-Mutation) സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ ക്രമീകരണം സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ, സബ്ഡിവിഷൻ ഇല്ലാതെ ഒരു ഭൂമി മുഴുവനായി ഉടമസ്ഥാവകാശം കൈമാറുന്ന, വ്യവസ്ഥകളൊന്നുമില്ലത്ത വിലയാധാരങ്ങൾക്ക് മാത്രമാണ് ഓട്ടോമാറ്റിക് പോക്കുവരവ് നടത്താനായി തീരുമാനിച്ചിരിക്കുന്നത്.

(ബി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിലൂടെ ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; എന്റെ ഭൂമി പോർട്ടൽ, റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളുടെ സോഫ്റ്റ്വെയറുകൾ എന്നിവ പരസ്പരം ബന്ധിപ്പിച്ച് അപേക്ഷകളുടെ പരിശോധനയും പോക്കുവരവ് പൂർത്തീകരണവും കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

മറുപടി: സംസ്ഥാനത്തെ ഭൂമികൈമാറ്റവുമായി ബന്ധപ്പെട്ട, റവന്യൂ വകുപ്പിന്റെ 'ReLIS', രജിസ്ട്രേഷൻ വകുപ്പിന്റെ 'PEARL', സർവ്വേ വകുപ്പിന്റെ 'എന്റെ ഭൂമി' എന്നീ സോഫ്റ്റ് വെയറുകൾ സംയോജിപ്പിച്ച് സംയോജിത ഭൂവിവര പരിപാലന സംവിധാനം (Integrated Land Information Management System - ILIMS) സജ്ജമാക്കിയിട്ടുണ്ട്. ഇതുവഴി ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ, പോക്കുവരവ്, ഭൂനികുതി, സ്കെച്ച്, ഭൂരേഖകൾ എന്നിവ ഒരൊറ്റ പോർട്ടലിലൂടെ പൊതു ജനങ്ങൾക്ക് ലഭ്യമാകുന്നു.

സംസ്ഥാനത്ത് ഭൂമികൈമാറ്റവുമായി ബന്ധപ്പെട്ട പോക്കുവരവു നടപടികൾ ലളിതവും വേഗത്തിലുമാക്കുന്നതിനായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ സംയോജിപ്പിച്ചുകൊണ്ടുള്ള ഓട്ടോമ്യൂട്ടേഷൻ സംവിധാനം നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

നിലവിൽ ആധാരം രജിസ്റ്റർ ചെയ്തതിനുശേഷം പോക്കുവരവ് നടപടികൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ പരിശോധനകളും തുടർനടപടികളും കാരണം കാലതാമസം നേരിടുന്ന സാഹചര്യമുണ്ട്. ഇത് ഒഴിവാക്കി, രജിസ്ട്രേഷന് മുമ്പുതന്നെ ആവശ്യമായ പരിശോധനകൾ പൂർത്തിയാക്കി, ആധാരം രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് പോക്കുവരവ് നടപടികൾ പൂർത്തീകരിച്ച് പുതിയ തണ്ടപ്പേർ അക്കൗണ്ട് അനുവദിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക എന്നതാണ് ഓട്ടോ മ്യൂട്ടേഷന്റെ പ്രധാന ലക്ഷ്യം. ഇതിനായി ഭൂനികുതി പിരിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് 27.05.2025-ലെ സ. ഉ.(പി) നം.203/2025/ആർ.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

രജിസ്ട്രേഷന് മുമ്പുള്ള പരിശോധനകൾ പൂർത്തിയാക്കുന്നതിനും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പോക്കുവരവ് വേഗത്തിൽ നിർവഹിക്കുന്നതിനും വകുപ്പുകളുടെ സേവനങ്ങളും സോഫ്റ്റ് വെയറുകളും സംയോജിപ്പിച്ചുകൊണ്ടുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇതുവഴി ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലളിതവും സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനും പൊതുജനങ്ങൾക്ക് വിവിധ ഓഫീസുകൾ നേരിട്ട് സന്ദർശിക്കേണ്ട സാഹചര്യം കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.

(സി) ഓട്ടോമാറ്റിക് പോക്കുവരവിന് അർഹതയില്ലാത്ത ഭൂമി കൈമാറ്റങ്ങൾ, ഉടമസ്ഥാവകാശ തർക്കങ്ങളുള്ള കേസുകൾ എന്നിവ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നിലവിലുള്ള മാനുവൽ നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

<u>മറുപടി:</u> സബ്ഡിവിഷൻ ആവശ്യമായ കേസുകൾ, ദാനാധാരം, ഭാഗാധാരം, വ്യവസ്ഥകളോടു കൂടിയ മറ്റ് ആധാരങ്ങൾ എന്നിവയ്ക്ക് നിലവിലുള്ള പോക്കുവരവ് നടപടിക്രമം തുടരും. ഇത്തരം അപേക്ഷകളും നിലവിൽ ReLIS മുഖേന ഓൺലൈനായാണ് കൈകാര്യം ചെയ്യുന്നത്. സബ്ഡിവിഷൻ ആവശ്യമായ കേസുകളിൽ അപേക്ഷകന്റെ സമ്മതത്തോടെ സർവ്വേ വകുപ്പ് സ്കെച്ച് തയ്യാറാക്കി രജിസ്ട്രേഷൻ നടപടികൾക്കായി സോഫ്റ്റ്വെയറിലേക്ക് കൈമാറുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വസ്തു ഉടമകൾ തമ്മിലുള്ള അതിർത്തി തർക്കങ്ങൾ പരിഹരിക്കുന്നതിന് നിലവിൽ സിവിൽ കോടതികൾക്ക് മാത്രമാണ് അധികാരമുള്ളത്. അത്തരം കേസുകളുടെ ഉത്തരവിനു വിധേയമായി പോക്കുവരവ് ചെയ്ത് നൽകാറുണ്ട്.

(ഡി) പോക്കുവരവ് സംബന്ധിച്ച തീരുമാനങ്ങളിൽ പരാതിയുള്ളവർക്ക് ഓൺലൈനായി അപ്പീൽ സമർപ്പിക്കുന്നതിനും അപേക്ഷകളുടെ തീർപ്പാക്കൽ വേഗത്തിലാക്കുന്നതിനും പൊതുജനങ്ങൾക്ക് സുതാര്യവും കാലതാമസരഹിതവുമായ സേവനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

മറുപടി: പോക്കുവരവ് ഉത്തരവുകൾക്കെതിരെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ബന്ധപ്പെട്ട അപ്പലേറ്റ് അധികാരിക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്. ഡിജിറ്റൽ സർവ്വെ കഴിഞ്ഞ വില്ലേജുകളിൽ ഓൺലൈനായി അപ്പീൽ നൽകുന്നതിനുള്ള സംവിധാനം നിലവിൽ ഏർപ്പെടുത്തിയിട്ടില്ല. ആയത് 'എന്റ ഭൂമി' പോർട്ടലിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

പോക്കുവരവ് അപേക്ഷ സമർപ്പിക്കൽ, അതിന്റെ പുരോഗതി അറിയൽ, പുതുക്കിയ രേഖകൾ ഡൗൺലോഡ് ചെയ്യൽ, ഭൂനികുതി ഒടുക്കൽ എന്നിവയെല്ലാം 'എന്റെ ഭൂമി' പോർട്ടൽ മുഖേന ഓൺലൈനായി ലഭ്യമാക്കിയിട്ടുണ്ട്. ഡിജിറ്റൽ സർവ്വേയുമായി ബന്ധപ്പെട്ട പരാതികൾ ഓൺലൈനായി സമർപ്പിക്കാനും സൗകര്യമുണ്ട്. ഓട്ടോമാറ്റിക് പോക്കുവരവ് സംവിധാനത്തിലൂടെ രജിസ്ട്രേഷന് ശേഷം ഉദ്യോഗസ്ഥ ഇടപെടൽ കൂടാതെ തന്നെ പോക്കുവരവ് നടക്കുന്നതും ഓഫീസുകളിൽ നേരിട്ട് ഹാജരാകേണ്ട ആവശ്യം ഒഴിവാകുകയും സേവനങ്ങൾ സുതാര്യവും കാലതാമസരഹിതവുമാകുകയും ചെയ്യും. കൂടുതൽ വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് ഇത് പ്രസ്തുത വില്ലേജുകളിലേക്കും വ്യാപിപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ